## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 2467 | 11.10..2011 ൽ<br>മറുപടിയ്ക്ക് |

## കൊരട്ടി ബസ് സ്റ്റാന്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

| | |
|---|---|
| കൊരട്ടി പഞ്ചായത്തിൽ ബസ് സ്റ്റാന്റ് നിർമ്മാണത്തിനും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനും, മറ്റു വികസന ആവശ്യങ്ങൾക്കുമായി വൈഗൈ ത്രഡ്സിന്റെ കൈവശമിരിക്കുന്നതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ സ്ഥലം കൊരട്ടി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | തൃശൂർ, കൊരട്ടി വൈഗൈ ത്രെഡ്സ് പ്രോസസ്സേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയിൽ കമ്പനിക്ക് ആവശ്യമുള്ള സ്ഥലവും ഇൻഫോ പാർക്കിന്റെ ആവശ്യവും കഴിഞ്ഞ് ഒറ്റപ്പെട്ടു കിടക്കുന്ന 3 ഏക്കർ സ്ഥലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടു നൽകണമെന്ന് കൊരട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു.റവന്യൂ വകുപ്പു മന്ത്രിയോട് അപേക്ഷിച്ചിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കൽ വിഷയവുമായി കമ്പനി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു.പി (സി) 2507/09 കേസ്സിലെ ഉത്തരവ് പ്രകാരം മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ